കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മരിയാപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ് എ ഐ ഡി കെ 11-903/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 29/07/2022
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരിയാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ് എ ഐ ഡി കെ 11-903/22 തീയ്യതി: 29/07/2022

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2021 മുതൽ 19-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കിഷോർ തോമസ് എം.	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)	20-06-2022	28-06-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-06-2022	28-06-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ടി എസ് ധനജയൻ ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി സാമുവൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ മേജോ കെ ജോർജ്ജ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ജോമോൻ ഫ്രാൻസീസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഡോളി ജോസഫ്	പ്രസിഡന്റ്	01-04-2020	30-11-2020
ഭരണ നിർവ്വഹണ കമ്മറ്റി	പ്രസിഡന്റ്	01-12-2020	29-12-2020
ശ്രീമതി ജിൻസി ജോയി	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ വിനുകുമാർ എസ്. പി.	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി ചിത്രലേഖ ജി	അസിസ്റ്റന്റ് എൻജിനീയർ	01-04-2020	31-03-2021
ശ്രീ യു എം അനിൽകുമാർ	കൃഷി ഓഫീസർ	01-04-2020	09-09-2020
ശ്രീ അജിമോൻ കെ	കൃഷി ഓഫീസർ	10-09-2020	31-03-2021
ഡോ സൗമ്യ റ്റി സി	വെറ്ററിനറി സർജൻ	01-04-2020	31-03-2021
ശ്രീമതി രുഗ്മണി ഐ	ഹെഡ്മാസ്റ്റർ	01-04-2020	04-08-2020
ശ്രീമതി സവിത കെ കെ	ഹെഡ്മാസ്റ്റർ	05-08-2020	11-02-2021
ശ്രീമതി പ്രസൂണ പി ബി	ഹെഡ്മാസ്റ്റർ	12-02-2021	31-03-2021
ശ്രീമതി ജ്യോതിമോൾ എൻ വി	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	01-04-2020	07-09-2020
ശ്രീമതി ശാലിനി എൽ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	08-09-2020	31-03-2021
ശ്രീമതി ജോളി കെ പി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2020	31-03-2021

ഡോ അരുൺ എസ് ദത്തൻ	മെഡിക്കൽ ഓഫീസർ (പി. എച്ച് സി	01-04-2020	31-03-2021
ഡോ ക്രിസ്റ്റി ജെ തുണ്ടിപ്പറമ്പിൽ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2020	19-11-2020
ഡോ പ്രെയ്സ് അനി എബ്രഹാം	മെഡിക്കൽ ഓഫീസർ (ആയുർവേദം)	20-11-2020	31-03-2021
ഡോ ലക്ഷ്മി വി	മെഡിക്കൽ ഓഫീസർ (ഹോമിയോ	01-04-2020	15-02-2021
ഡോ ഹുസ്ന റ്റി പി	മെഡിക്കൽ ഓഫീസർ (ഹോമിയോ	16-02-2021	31-03-2021
ശ്രീ നൗഷാദ് ബി	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	ഗ്രാന്റ് വിനിയോഗം	1-3
4	പദ്ധതി അവലോകനം	1-4
5	തൊഴിലുറപ്പ് പദ്ധതി	1-5
6	ക്ഷേമ പദ്ധതികൾ	1-6
7	ക്യാഷ് പരിശോധന	1-7
8	ആഭ്യന്തരനിയന്ത്രണം	1-8
9	പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല	1-9
10	ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല	1-10
11	ജലനിധി പദ്ധതിയ്ക്കായി ആരംഭിച്ച അക്കൗണ്ട് വിവരങ്ങൾ യഥാസമയം അക്കൗണ്ട് ചെയ്തിട്ടില്ല	1-11
12	മണ്ണ് സംരക്ഷണ ഓഫീസിന്റെ വാടക ഈടാക്കിയിട്ടില്ല	1-12
13	സാംഖ്യ-ILGMS പോർട്ടിംഗ്	1-13
14	അനർഹമായ കാലയളവിലും സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചു	1-14

15	ഡെപ്പോസിറ്റ് പ്രവൃത്തികൾ-സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല	1-15 (1)
16	കുഴൽകിണർ നിർമ്മാണം/അറ്റകുറ്റപ്പണി	1-15(2)
17	ഡെപ്പോസിറ്റ് പ്രവൃത്തി- പ്രിയദർശിനി കുടിവെള്ള പദ്ധതി വൈദ്യുതീകരണം- പ്രവൃത്തി പൂർത്തീകരിച്ചില്ല	1-15(3)
18	ചക്കസംസ്ക്കരണം -വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല	1-16
19	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം	1-17
20	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ	1-18
21	സർക്കാർ നിർദേശം പാലിക്കാതെ റോഡ് മെയിനന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കോൺക്രീറ്റ് പ്രവൃത്തികൾ ആവിഷ്കരിക്കുന്നു	1-19
22	രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല	1-20
23	കൃഷി ഓഫീസർ ഫയലുകൾ ഹാജരാക്കിയില്ല	1-21

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾ	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3

4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ-വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് സർചാർജ്	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 7-3-2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16-2-2021 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 18-2-2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച പുതുക്കിയ ബജറ്റ് പ്രകാരം ₹ 1246679/- മുന്നിരിപ്പും ₹ 149844000/- വരവും ₹150375504/- ചെലവും ₹ 715175/- നീക്കിയിരിപ്പുമുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2021	17.08.2021	-	-

2020-21 സാമ്പത്തിക വർഷം ILGMS നടപ്പാക്കിയ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ്വെയറിലേയ്ക്ക് ഇ-സബ്മിറ്റ് ചെയ്യുന്നതിന് സാങ്കേതിക തടസം നേരിട്ടതിനാൽ വാർഷിക കണക്കുകൾ ഇ-മെയിൽ മുഖേന ലഭ്യമാക്കിയാൽ മതിയെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 06.08.2021 ലെ ഡി.കെ.എസ്.എ.1626/പി.ടി.1/2021 കത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം വാർഷിക കണക്കുകൾ 17.08.2021-ന് സമർപ്പിച്ചു.

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)	കുറിപ്പ്
വികസന ഫണ്ട്-പൊതുവിഭാഗം	0	13672190	13672190	12096407	1575783	
വികസന ഫണ്ട്-എസ്.സി.പി	0	1296859	1296859	1165499	131360	
വികസന ഫണ്ട്-ടി.എസ്.പി	0	100000	100000	74627	25373	
14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്)	0	3752200	3752200	2578499	1173701	
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ആൺടൈഡ്)	0	3810000	3810000	1847214	1962786	
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	3810000	3810000	1583740	2226260	
സംരക്ഷണ ഗ്രാന്റ്-റോഡ്	0	6612000	6612000	5878569	733431	
സംരക്ഷണ ഗ്രാന്റ്-റോഡിതരം	0	3492000	3492000	3375929	116071	
ഐ.സി.ഡി.എസ്	4800	488989	493789	435470	58319	
ടോട്ടൽ സാനിറ്റേഷൻ	1627081	150981	1778062	65000	1713062	
കേരളോത്സവം	16600	0	16600	0	16600	
ശുചിത്വ മിഷൻ	421544	591236	1012780	30000	982780	

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ ശ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

ഫണ്ട്	ബജറ്റ് വിഹിതം	അധിക അലോട്ട്മെന്റ്	ലൈഫ് ലോൺ	അംഗൻവാടി ഹോണറേറിയം	വോട്ടിംഗ് മെഷീൻ	അക്കൗണ്ട് ചെയ്ത ഫണ്ട്
വികസന ഫണ്ട് (ജനറൽ)	8697000	4975190	863491	832200	0	11976499
വികസന ഫണ്ട് (SCP)	1123000	173859	43961	0	0	1252898
വികസന ഫണ്ട് (TSP)	100000	0	14627	0	0	85373
സംരക്ഷണ ഗ്രാന്റ്- റോഡിതരം	3492000	0	0	0	35319	3456681

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
163	55945087	132	30887823	-	31	80.98

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് ശതമാനം
കൃഷി ഓഫീസർ	5	4	80.00	1920542	1009405	52.56
വെറ്ററിനറി സർജൻ	3	3	100.00	1785500	1035500	57.99
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി	7	6	85.71	1921920	1379422	71.77
മെഡിക്കൽ ഓഫീസർ-ആയുർവേദം	4	3	75.00	345000	330000	95.65
മെഡിക്കൽ ഓഫീസർ-ഹോമിയോ	3	3	100.00	150000	150000	100.00
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	2	2	100.00	2241000	0	0.00
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	8	5	62.50	12025104	1523224	12.67

ഐ.സി.ഡി.എസ് സൂപ്പർവൈസർ	3	3	100.00	2880000	2135470	74.15
ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	2	2	100.00	1949530	699891	35.90
സെക്രട്ടറി	84	68	80.95	16584552	12696275	76.55
അസിസ്റ്റന്റ് എഞ്ചിനിയർ	40	31	77.50	13629639	9753636	71.56
ഹെഡ്മാസ്റ്റർ ഗവ. എൽ പി സ്കൂൾ	2	2	100.00	512300	175000	34.16
ആകെ	163	132	80.98	55945087	30887823	55.21

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ 5.59 കോടി രൂപ അടങ്കലിൽ 163 പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ആവിഷ്കരിച്ച 163 പ്രോജക്ടുകളിൽ 80.98 ശതമാനം മാത്രമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ₹ 22,41,000/- അടങ്കലിൽ രണ്ട് പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല. ഇടുക്കി പദ്ധതി പ്രദേശത്തോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്നതാണ്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ

പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ലായെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണചെലവുകൾ	39941	1899602	1939543	1909183	30360
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	38802904	38802904	38802904	0

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	4118500	304

വിധവാപെൻഷൻ	5595200	409
വാർദ്ധക്യകാല പെൻഷൻ	11347200	909
വികലാംഗ പെൻഷൻ	2412500	168
50 മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	144000	15

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 6975/- (ആറായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ച് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് സംവിധാനം- 3 ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും 1 ഓഫീസ് അറ്റന്റും 1 പാർട്ട് ടൈം സ്വീപ്പറും 1 അക്കൗണ്ടന്റും 1 ഹെഡ്ക്ലാർക്കും 1 സെക്രട്ടറിയും 1 ഡ്രൈവറും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണം കൃത്യമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. അനേർട്ടിലും ഭൂജലവകുപ്പിലും വിവിധ പദ്ധതികൾക്കായി തുകകൾ നിക്ഷേപിച്ചിരിക്കുന്നുവെങ്കിലും പദ്ധതികൾ പൂർത്തിയാക്കിയില്ല.

3. പൊതുമരാമത്ത് പ്രവൃത്തികൾ വഴി പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തിയതായി കാണുന്നു. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

<u>ഫ്രണ്ട് ഓഫീസ് പ്രവർത്തനം.</u>

ലഭ്യമാകുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. സൂപ്പർവൈസറി തലത്തിൽപെട്ടവരുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ – ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിക്കുന്ന രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി - ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ- കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽപരിശോധന നടത്തുകയോ ചെയ്യുന്നില്ല.

1-9 പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2011- ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2020 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2020-21 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-10 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന

അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

1-11 ജലനിധി പദ്ധതിയ്ക്കായി ആരംഭിച്ച അക്കൗണ്ട് വിവരങ്ങൾ യഥാസമയം അക്കൗണ്ട് ചെയ്തിട്ടില്ല

ജലനിധി രണ്ടാം ഘട്ട പ്രോജക്ട് ഇടപാടുകൾ നടത്തുന്നതിന് 23.03.2020-ൽ എസ്.ബി.ടി ചെറുതോണി ശാഖയിൽ അക്കൗണ്ട് (നം.39216819074) തുടങ്ങിയിരുന്നു. എന്നാൽ ഗ്രമാപഞ്ചായത്തിന്റെ അക്കൗണ്ട്സ് പരിശോധിച്ചതിൽ 2020 സെപ്റ്റംബർ മാസം വരെ മേൽ അക്കൗണ്ടിലെ വിവരങ്ങൾ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 21.09.2022-ലെ സാംഖ്യ

ക്ലോസിംഗ് ബാലൻസ് പരിശോധിച്ചതിൽ മേൽ അക്കൗണ്ട് ഉൾപ്പെടുത്തുകയോ തുക ബാദ്ധ്യതയായി ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ബാങ്ക് പാസ്ബുക്ക് പ്രകാരം 2020 സെപ്റ്റംബർ വരെയുള്ള ഇടപാടുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

തീയതി	വരവ് തുക ₹	ചെലവ് തുക ₹	റിമാർക്സ്
20.05.2020	2055433.00		ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ
15.06.2020		1190	ബാങ്ക് ചാർജ്ജ്

ILGMS ആരംഭിച്ചതിനു ശേഷം മാത്രമാണ് ഫണ്ട് വിവരങ്ങൾ ജേണൽ വൗച്ചർ മുഖേന (49900003/21.09.2020) കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജലനിധി അക്കൗണ്ടിന്റെ വിവരങ്ങൾ കണക്കിൽ യഥാസമയം ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/24.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 മണ്ണ് സംരക്ഷണ ഓഫീസിന്റെ വാടക ഈടാക്കിയിട്ടില്ല

മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഇടുക്കി എൻ.സി ജോർജ് മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിലെ എം.ജി.പി IX/198 E കെട്ടിടം മണ്ണ് സംരക്ഷണ ഓഫീസിന് 2017 ഡിസംബർ മാസം മുതൽ പ്രതിമാസം ₹ 26377/- നിരക്കിൽ വാടകയ്ക്ക് നൽകി കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ വാടകയൊന്നും ഒടുക്കിയിട്ടില്ല. വാടക ഫയൽ പരിശോധിച്ചതിൽ 2017 ഡിസംബർ മുതൽ 2022 മാർച്ച് മാസം വരെ ₹ 17,29,199/- വാടക, പിഴപ്പലിശ, ജി.എസ്.ടി. എന്നീ ഇനങ്ങളിലായി കുടിശികയുണ്ട്. വാടക കുടിശിക ഒടുക്കുന്നതിനായി നിരവധി തവണ ജില്ലാ മണ്ണ്

സംരക്ഷണ ഓഫീസർ, വകുപ്പ് മേധാവി എന്നിവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും കത്തയച്ചിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 7.1.2022 ലെ ഫിൻ(3) 11670/2021 നമ്പർ കത്തിൽ വാടക നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെയും വാടക ഒടുക്കിയിട്ടില്ല.

തനത് വരുമാനം വളരെ കുറവായ മരിയാപുരം ഗ്രാമപഞ്ചായത്തിൽ ഇത്രയേറെ തുക വാടക കുടിശ്ശികയിനത്തിൽ അവശേഷിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ ഈ വിഷയം ഇരു വകുപ്പുകളുടെയും മന്ത്രിമാർ, വകുപ്പ് അദ്ധ്യക്ഷൻമാർ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും വാടക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-13 സാംഖ്യ-ILGMS പോർട്ടിംഗ്

22.09.2020- ലാണ് ഗ്രാമപഞ്ചായത്തിൽ ILGMS ആരംഭിച്ചത്. ILGMS ആരംഭിച്ച തിയതി വരെയുള്ള ഇടപാടുകൾ സാംഖ്യ സോഫ്റ്റ്വെയർ മുഖേനയാണ് നടപ്പാക്കിയത്. സാംഖ്യയിൽ നടത്തിയ ഇടപാടുകൾ Past Data Entry മുഖേന ILGMS ലേയ്ക്ക് പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, 01.04.2020 മുതൽ ILGMS ലേയ്ക്ക് പോർട്ട് ചെയ്ത ദിവസം വരെയുള്ള സാംഖ്യയിൽ നിന്നുള്ള ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, റസിപ്റ്റ് & പെയ്മെന്റ് പത്രിക, ആസ്തി – ബാദ്ധ്യത പത്രിക എന്നിവയും ILGMSലെ പത്രികകളും തമ്മിൽ വ്യത്യാസമുണ്ട്. സാംഖ്യ പ്രകാരവും ILGMS പ്രകാരവുമുള്ള 21.09.2020-ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ബാങ്ക്	അക്കൗണ്ട്	21.09.2020 ലെ ILGMS മുന്നിരിപ്പ് ₹	21.09.2020 ലെ സാംഖ്യ നീക്കിയിരിപ്പ് ₹

STATE BANK OF INDIA	67393424048	112584	112584
STATE BANK OF INDIA	39216819074	2056623	0
STATE BANK OF TRAVANCORE	57065602500	3034648	3098878
UNION BANK OF INDIA	346702010009042	16314	16314.80
UNION BANK OF INDIA	346702010009381	17351	17351
UNION BANK OF INDIA	346702010007299	2312	2312
DISTRICT CO-OPERATIVE BANK	1	100000	100000
OTHER CO-OPERATIVE BANK	675	81825	60501.36
OTHER CO-OPERATIVE BANK	1366	5306	5306
SCB MARIYAPURAM	2797	12707	12707
SUB TREASURY MURIKKASSERY	799013000000887	525384	525384
SUB TREASUURY MURICKASSERY	799012900001528	521094	521094
SUB TREASURY	799011400003772	185851	185851
CASH			34280
ആകെ		66,71,999	46,92,563.82

സാംഖ്യ പ്രകാരവും ILGMS പ്രകാരവും 01.04.2020 മുതൽ 21.09.2020 വരെയുള്ള റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ILGMS പ്രകാരം				**സാംഖ്യ പ്രകാരം**			
കോഡ് നം	**ഐറ്റം**	**ഷെഡ്യൂൾ നം**	**തുക ₹**	**കോഡ് നം**	**ഐറ്റം**	**ഷെഡ്യൂൾ നം**	**തുക ₹**
450000000	Cash And Bank Balance	RP-40(A)	4798406	450000000	Cash And Bank Balance	RP-40(A)	4798407.82
110000000	Tax Revenue	RP-1	196150	110000000	Tax Revenue	RP-1	196150
180000000	Other Income	RP-10	950	180000000	Other Income	RP-10	950

311000000	Earmarked Funds	RP-28	800	311000000	Earmarked Funds	RP-29	800
130000000	Head 3	RP-3	971205	130000000	Rental Income From Panchayath Properties	RP-3	971205
320000000	Grants, Funds & Contributions For Specific Purposes	RP-30	3569409	320000000	Grants, Funds & Contributions For Specific Purposes	RP-31	1511596
330000000	Secured Loans	RP-31	1080000	330000000	Secured Loans	RP-32	1080000
340000000	Deposits Received	RP-33	72160	340000000	Deposits Received	RP-34	72160
350000000	Other Liabilities	RP-35	84754	350000000	Other Liabilities	RP-36	84754 (59829+24925)
140000000	Fees & User Charges	RP-4	53556	140000000	Fees & User Charges	RP-4	53556
431000000	Sundry Debtors (Receivables)	RP-45	298054	431000000	Sundry Debtors (Receivables)	RP-43	298054
460000000	Loans, Advances And Deposits	RP-49	1498893	460000000	Loans, Advances And Deposits	RP-47	1498893
150000000	Sale & Hire Charges	RP-5	6172	150000000	Sale & Hire Charges	RP-5	6172
160000000	Revenue Grants, Funds, Contributions & Compensations	RP-7	12091724	160000000	Revenue Grants, Funds, Contributions & Compensations	RP-7	12091724
171000000	Interest Earned	RP-9	16985	171000000	Interest Earned	RP-9	16985
TOTAL			24739218				22681406.82
210000000	Establishment Expenses	RP-12	1821382	210000000	Establishment Expenses	RP-11	1765602
220000000	Administrative Expenses	RP-13	429721	220000000	Administrative Expenses	RP-12	313720
230000000	Operations & Maintenance	RP-14	2264824	230000000	Operations & Maintenance	RP-13	603023
240000000	Interest & Finance Charges	RP-15	2309	240000000	Interest & Finance Charges	RP-14	1119
250000000	Annual Plan - Revenue Expences (Productive Sector)	RP-16	1204558	250000000	Decentralised Plan Programme-Productive Sector	RP-15	988000
251000000	Annual Plan - Revenue Expences (Service Sector)	RP-17	3337308	251000000	Decentralised Plan Programme- Service Sector	RP-16	3842298

252000000	Annual Plan - Revenue Expences (Infrastructure Sector)	RP-18	99287	252000000	Decentralised Plan Programme- Infrastructure Sector	RP-17	747603
254000000	State Sponsored Schemes	RP-19	680706	254000000	Expenditure Of Transferred Institutions-State Sponsored Schemes	RP-19	343950
260000000	Grants, Contributions And Compensations From Own Fund	RP-21	1157264	-	-	-	-
290000000	Prior Period Item	RP-25	8315	280000000	Prior Period Item	RP-26	8315
340000000	Deposits Received	RP-33	46000	340000000	Deposits Received	RP-34	46000
350000000	Other Liabilities	RP-35	1769221	350000000	Other Liabilities	RP-35	1769221 (1405734+363487)
412000000	Capital Work In Progress	RP-39	1022472	412000000	Capital Work In Progress	RP-40	1022472
414000000	Annual Plan - Capital Expences (Service Sector)	RP-41	2154630	-	-	-	-
460000000	Loans, Advances And Deposits	RP-49	978500	460000000	Loans, Advances And Deposits	RP-47	978500
470000000	Other Assets	RP-50	1090722	-	-	-	-
				253000000	Decentralised Plan Programme-Project Not Included In Sector	RP-18	146550
				255000000	Maintanance Projects	RP-20	1867118
				320000000	Grants, Funds & Contributions For Specific Purposes	RP-31	300000
				410000000	Fixed Assets	RP-38	3245352
450000000	Cash And Bank Balance	RP-40(B)	6671999	450000000	Cash And Bank Balance	RP-40(B)	4692563.82
TOTAL			18067219				17988843
Grand Total			2,47,39,218				2,26,81,406.82

സാംഖ്യ പ്രകാരവും ILGMS പ്രകാരവും 01.04.2020 മുതൽ 21.09.2020 വരെയുള്ള ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ILGMS പ്രകാരം				സാംഖ്യ പ്രകാരം			
കോഡ് നം	ഐറ്റം	ഷെഡ്യൂൾ നം	തുക	കോഡ് നം	ഐറ്റം	ഷെഡ്യൂൾ നം	തുക
110000000	Tax Revenue	I-1	196150	110000000	Tax Revenue	I-1	196150
130000000	Rental Income From Panchayat Properties	I-3	1157057	130000000	Rental Income From Panchayat Properties	I-3	1157057
140000000	Fees & User Charges	I-4	114956	140000000	Fees & User Charges	I-4 (B)	114956
150000000	Sales & Hire Charges	I-5	10244	150000000	Sales & Hire Charges	I-5 (B)	6172
160000000	Revenue Grants, Contributions & Compensation	I-6	15971965	160000000	Revenue Grants, Contributions & Compensation	I-6	12091724
171000000	Interest Earned	I-8	16985	171000000	Interest Earned	I-8	16985
180000000	Other Income	I-9	950	180000000	Other Income	I-9	950
210000000	Establishment Expenses	I-10	3353294	210000000	Establishment Expenses	I-10 (B)	3875568
220000000	Administrative Expenses	I-11	875627	220000000	Administrative Expenses	I-11 (B)	313720
230000000	Operations & Maintenance	I-12	2264824	230000000	Operations & Maintenance	I-12 (B)	603023
240000000	Interest & Finance Charges	I-13	2309	240000000	Interest & Finance Charges	I-13	1119
250000000	Decentralised Plan Programme - Productive Sector	I-14	988000	250000000	Decentralised Plan Programme - Productive Sector	I-14	988000
251000000	Decentralised Plan Programme - Service Sector	I-14(A)	2953347	251000000	Decentralised Plan Programme - Service Sector	I-14(A)	3842298

252000000	Decentralised Plan Programme - Infrastructure Sector	I-14(B)	99287	252000000	Decentralised Plan Programme - Infrastructure Sector	I-14(B)	747603
253000000	Decentralised Plan Programme - Projects Not Included In Sector Division	I-14(C)	1157264	253000000	Decentralised Plan Programme - Projects Not Included In Sector Division	I-14(C)	146550
254000000	Expenditure Of Transferred Institutions And State Sponsored Schemes	I-14(D)	1231950	254000000	Expenditure Of Transferred Institutions And State Sponsored Schemes	I-14(D)	343950
255000000	Maintenance Projects	I-14(E)		255000000	Maintenance Projects	I-14(E)	1867118
290000000	Prior Period Expenditure	I-18	8315	290000000	Prior Period Expenditure	I-18	8315

സാഖ്യയിൽ ഉൾപ്പെട്ട ആസ്തികൾ ILGMS ലേയ്ക്ക് പോർട്ട് ചെയ്തപ്പോൾ ഉല്പാദനം, സേവനം, പശ്ചാത്തലം, മറ്റ് ആസ്തികൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ആസ്തികൾ തരംതിരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

1-14 അനർഹമായ കാലയളവിലും സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും പഞ്ചായത്തിലെ മരണ രജിസ്ട്രേഷനും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നു.

1. പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

ക്രമനം	പേരും വിലാസവും	മരണപ്പെട്ട തിയതി/ മരണം രജിസ്റ്റർ ചെയ്ത തിയതി	അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ്	പെൻഷൻ സ്റ്റാറ്റസ്	പെൻഷൻ നൽകുന്ന സ്ഥാപനം	അധികം അനുവദിച്ച തുക
1	ദേവസ്യ തൊമ്മൻ, കുടമറ്റത്തിൽ, വിമലഗിരി	18.12.2019/ 07.01.2020	12/2019-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	43800
2	മാത്യു മത്തായി, കുളങ്ങരയിൽ, വിമലഗിരി	07.01.2020/ 14.01.2020	01/2020-05/2022	ആക്ടീവ്	വാർദ്ധ്യക്യകാല പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	42600
3	അഗസ്തി കുര്യൻ, ഏരിമറ്റത്തിൽ, നായരുപാറ	03.01.2020/ 14.01.2020	05/2021-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	20800
4	കല്യാണി ശങ്കരൻ, കാരയ്ക്കൽ, മരിയാപുരം	15.01.2020/ 23.01.2020	01/2020-01/2021	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	17200

5	ചിന്നമ്മ ജോസഫ്, പീടികയിൽ, നാരകക്കാനം	06.02.2020/ 09.03.2020	02/2020-05-2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ- മരിയാപുരം ഗ്രാമപഞ്ചായത്ത്	41400
6	കല്യാണി ഗോവിന്ദൻ, തോരണത്തിങ്കൽ, നായരുപാറ	16.02.2020/ 09.03.2020	02/2020-05-2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ- മരിയാപുരം ഗ്രാമപഞ്ചായത്ത്	41400
7	ഏലി തോമസ്, കാരിശേരിയിൽ, മണിപ്പാറ	11.02.2020/ 16.04.2020	02/2020-05-2020	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ മരിയാപുരം ഗ്രാമപഞ്ചായത്ത്	41400
8	ലീല ചന്ദ്രൻ, തട്ടാപ്പറമ്പിൽ, ഉപ്പുതോട്	05.04.2020/ 11.05.2020	04/2020-01/2021	സസ്പെൻഡ്	വാർദ്ധക്യകാല പെൻഷൻ- മരിയാപുരം ഗ്രാമപഞ്ചായത്ത്	13600
9	അന്നക്കുട്ടി ഫിലിപ്പ്, കാരിക്കൂട്ടത്തിൽ, ഡബിൾ കട്ടിംഗ്	26.05.2020/ 25.06.2020	05/2020-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	37700
10	കുട്ടപ്പൻ ശങ്കരൻ, കടുക്കാശേരിയിൽ, നായരുപാറ	29.05.2020/ 25.06.2020	05/2020-12/2020	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ- മരിയാപുരം ഗ്രാമപഞ്ചായത്ത്	10800

11	കാർത്ത്യായനി, പാണാപറമ്പിൽ, ഉപ്പുതോട്	17.06.2020/ 03.07.2020	06/2020-05-2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ-മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്	36400
12	കൃഷ്ണൻ മുണ്ടൻ, നെല്ലിക്കൽ, വിമലഗിരി	24.07.2020/ 21.08.2020	07/2020-02/2021	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	11200
13	ജോസഫ് മൈക്കിൾ, കുമ്മിണിയിൽ, മരിയാപുരം	21.08.2020/ 14.09.2020	08/2020-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	33800
14	പൗലോസ് പൗലോ, പൂങ്കുടിയിൽ, മണിപ്പാറ	15.08.2020/ 14.09.2020	08/2020-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	33800
15	ജോസഫ് ജോൺ, ചളക്കാട്ട്, നായരുപാറ	06.11.2020/ 05.12.2020	11/2020-12/2020	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	2800
16	മാത്യു കെ.എം, കാലാചിറയിൽ, മരിയാപുരം	27.11.2020/ 06.12.2020	11/2020-05/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	29700

17	മൈക്കിൾ ലൂക്ക, ഈന്തുങ്കൽ, വിമലഗിരി	30.11.2020/ 18.12.2020	11/2020-05/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	29700
18	പൈലി ദേവസ്യ, ചക്കുന്നുംപുറത്ത്, മരിയാപുരം	04.12.2020/ 18.12.2020	12/2020-04/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	26700
19	റോസമ്മ ജോസഫ്, മുകളേൽ, നാരകക്കാനം	16.12.2020/ 23.12.2020	12/2020-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	28300
20	അന്നക്കുട്ടി ജോസഫ്, ആവിമൂട്ടിൽ, നായരുപാറ	08.12.2020/ 31.12.2020	12/2020-05/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ-കാമാക്ഷി ഗ്രാമപഞ്ചായത്ത്	28300
21	തോമസ്.കെ.ടി., കോട്ടക്കുടിയിൽ, വിമലഗിരി	08.10.2020/ 21.10.2020	10/2020-05/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	31100
22	മത്തായി കുര്യൻ, അരിമറ്റത്തിൽ, ഉപ്പുതോട്	22.02.2020/ 11.05.2020	02/2020-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	41400

23	ഗോപാലൻ കുഞ്ഞൻ, മഠത്തിൽപറമ്പിൽ, ഉപ്പുതോട്	21.12.2020/ 27.01.2020	12/2020-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	28300
24	മറിയം ചാക്കോ, പുറത്തേൽ, ഉപ്പുതോട്	14.02.2021/ 10.03.2021	02/2021-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	25400
25	ഡേവിഡ്, നെല്ലിക്കുന്നേൽ, മരിയാപുരം	14.02.2021/ 10.03.2021	02/2021-06/2021	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	6200
26	സുദേവൻ, ചരുവിളയിൽ, നാരകക്കാനം	24.02.2021/ 10.03.2021	02/2021-07/2021	സസ്പെൻഡ്	വാർദ്ധക്യകാല പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	9400
27	ഗോപാലൻ, ചാലുംകടവിൽ, നായരുപാറ	03.02.2021/ 16.03.2021	02/2021-05/2021	സസ്പെൻഡ്	കർഷക തൊഴിലാളി പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത്	6200
28	സെബാസ്റ്റ്യൻ, ശാസ്താംപാറയിൽ, നായരുപാറ	10.03.2021/ 08.04.2021	03/2021-04/2021	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ-	1200

					മരിയാപുരം ഗ്രാമപഞ്ചായത്ത്	
			03/2021-05/2022	ആക്ടീവ്	കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷൻ	23900
	ആകെ					738300

2. പെൻഷൻ അനുവദിച്ചെങ്കിലും അക്കൗണ്ട് മരവിപ്പിച്ചതിനാൽ നിക്ഷേപിക്കുവാൻ സാധിക്കാത്തത്

ക്രമനം	പേരും വിലാസവും	മരണപ്പെട്ട തിയതി/ മരണം രജിസ്റ്റർ ചെയ്ത തിയതി	അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ്	പെൻഷൻ സ്റ്റാറ്റസ്	പെൻഷൻ നൽകുന്ന സ്ഥാപനം	അധികം അനുവദിച്ച തുക
1	ചെല്ലമ്മ ഭാസ്ക്കരൻ, ഓലാനിക്കൽ, മരിയാപുരം	13.12.2019/ 07.01.2020	12/2019-05/2022	ആക്ടീവ്	വിധവ പെൻഷൻ, മരിയാപുരം ഗ്രാമപഞ്ചായത്ത്	43800
2	അന്നമ്മ അഗസ്തി, കൊച്ചുപുരയ്ക്കൽ, ഡബിൾ കട്ടിംഗ്	08.12.2019/ 14.01.2020	12/2019-04/2020	സസ്പെൻഡ്	വിധവ പെൻഷൻ, മരിയാപുരം ഗ്രാമപഞ്ചായത്ത്	6100
				ആക്ടീവ്	കെട്ടിടനിർമ്മാണ തൊഴിലാളി	ലഭ്യമല്ല

					ക്ഷേമനിധി ബോർഡ്	
3	കല്യാണി ശങ്കരൻ, കാരയ്ക്കൽ, മരിയാപുരം	15.01.2020/ 23.01.2020	02/2021-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	25400
4	ഏലിക്കുട്ടി അഗസ്റ്റിൻ, നടുവിലേടത്ത്, നാരകക്കാനം	28.03.2020/ 11.04.2020	-	ആക്ടീവ്	കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്	ലഭ്യമല്ല
5	കുട്ടപ്പൻ ശങ്കരൻ, കടുക്കാശേരിയിൽ, നായരുപാറ	29.05.2020/ 25.06.2020	01/2021-05/2022	ആക്ടീവ്	വാർദ്ധക്യകാല പെൻഷൻ- മരിയാപുരം ഗ്രാമപഞ്ചായത്ത്	26900
6	കൃഷ്ണൻ മുണ്ടൻ, നെല്ലിക്കൽ, വിമലഗിരി	24.07.2020/ 21.08.2020	05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	23900
7	മറിയാമ്മ ജോസഫ്, കിഴക്കേടത്ത്, മരിയാപുരം	14.08.2020/ 14.09.2020	08/2020-05/2022	ആക്ടീവ്	കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ്	33800
